കെ. ടി. ഡി. എഫ്. സി - യിലെ ജീവനക്കാരുടെ ലിസ്റ്റ്

54 (3586) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. ടി. ഡി. എഫ്. സി - യിൽ എത്ര ജീവനക്കാരുണ്ടെന്നതിന്റെ ലിസ്റ്റ് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

കെ. ടി. ഡി. എഫ്. സി - യിൽ വിവിധ തസ്തികകളിലായി മാനേജിംഗ് ഡയറക്ടറെ കൂടാതെ 12 ജീവനക്കാർ ജോലി നോക്കുന്നുണ്ട്.

മാനേജർ	1	ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ
അസിസ്റ്റന്റ്	8	ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ
മാനേജിംഗ് ഡയറക്ടറുടെ പി. എ	1	ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ
ഡാറ്റാ എൻട്രി ഓപ്പറേറ്റർ	2	സ്ഥിരനിയമനം

കൂടാതെ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ വിവിധ തസ്തികകളിൽ (പ്യൂൺ, ഡ്രൈവർ, വാച്ചർ, മെസഞ്ചർ, ക്ലീനർ മുതലായവ) സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതനത്തിന്റെ അടിസ്ഥാനത്തിലും എക്സ് സർവീസ് ലീഗിൽ നിന്നും നിയമിച്ചാണ് പ്രവർത്തനം നടത്തിവരുന്നത്.

കെ. എസ്. ആർ. ടി. സി. യിലെ ഗ്ലാസ് കട്ടർ തസ്തികയിലേക്കുള്ള നിയമനം

55 (3587) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി - യിലെ ഗ്ലാസ് കട്ടർ തസ്തികകളിലേക്ക് എപ്രകാരമാണ് നിയമനം നടത്തുന്നത് ;

(ബി) ഈ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ; ഈ തസ്തികകളിൽ നിയമനത്തിനായി പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ ഇതിൽനിന്നും എത്ര പേരെ നിയമിച്ചു ;

(ഡി) പി. എസ്. സി ശുപാർശ ചെയ്തവർ ആരെങ്കിലും ജോയിൻ ചെയ്യാതിരുന്നിട്ടുണ്ടോ ; എങ്കിൽ ആ ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചു ;

(ഇ) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ പ്രസ്തുത തസ്തികയിലേക്ക് ദിവസ ശമ്പളത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ജി) റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ആളുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly